ദേശാഭിമാനി

**July 27, 2016**

# മത്സ്യഗവേഷണഫലങ്ങൾ തൊഴിലാളികളിലും കർഷകരിലും എത്തിക്കാൻ നടപടി: മന്ത്രി

**കൊച്ചി >** കേരളത്തിൽ പ്രവർത്തിക്കുന്ന ഫിഷറീസ് ഗവേഷണസ്ഥാപനങ്ങളിൽ രൂപം കൊള്ളുന്ന ശാസ്ത്രീയ കണ്ടെത്തലുകൾ യഥാസമയം മത്സ്യത്തൊഴിലാളികളിലും കർഷകരിലും എത്തിക്കാൻ സ്ഥിരംസംവിധാനം ഏർപ്പെടുത്തുമെന്ന് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ പറഞ്ഞു. ഇതിനായി എല്ലാ ഗവേഷണസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സമിതി രൂപീകരിക്കും. കേന്ദ്ര സമുദ്ര മത്സ്യഗവേഷണസ്ഥാപനത്തിൽ വിവിധ ഗവേഷണ സ്ഥാപനമേധാവികളുമായി നടത്തിയ കൂടിയാലോചനായോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.




► ഗവേഷണസ്ഥാപന മേധാവികളുമായുള്ള കൂടിയാലോചനായോഗത്തിൽ മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ സംസാരിക്കുന്നു

മത്സ്യബന്ധനം, സംരക്ഷണം, സംസ്കരണം, വിപണനം എന്നീ മേഖലകളിലെ അശാസ്ത്രീയവും അനിയന്ത്രിതവുമായ രീതികൾക്ക് കടിഞ്ഞാണിടും. വലകളുടെ വലിപ്പം, മത്സ്യബന്ധന ദൂരപരിധി, പിടിക്കാവുന്ന മത്സ്യത്തിന്റെ വലിപ്പം തുടങ്ങിയവ ശാസ്ത്രീയമായി നിശ്ചയിക്കും. ബോട്ട്യാർഡുകൾക്ക് രജിസ്ട്രേഷൻസംവിധാനം ഏർപ്പെടുത്തും. ആഴക്കടൽമത്സ്യബന്ധനത്തിന് ഉന്നതനിലവാരമുള്ള യാനങ്ങൾ ഗവേഷണസ്ഥാപനങ്ങളുടെ സഹായത്തോടെ രൂപകൽപ്പനചെയ്ത് നിർമിക്കും. ഹാച്ചറിസംവിധാനങ്ങൾ മെച്ചപ്പെടുത്തും. മാതൃമത്സ്യങ്ങളെ ഉപയോഗിച്ച് രോഗാണുവിമുക്തമായ മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിന് ഊന്നൽ നൽകുമെന്നും മന്ത്രി പറഞ്ഞു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, ഫിഷറീസ് ഡയറക്ടർ മിനി ആന്റണി, സിഐഎഫ്ടി ഡയറക്ടർ ഡോ. സി എൻ രവിശങ്കർ, കുഫോസ് വൈസ് ചാൻസലർ ഡോ. എ രാമചന്ദ്രൻ, സാഫ് എക്സിക്യൂട്ടീവ് ഡയറക്ടർ സി ആർ സത്യവതി എന്നിവർ കൂടിയാലോചനയിൽ പങ്കെടുത്തു. എംപിഇഡിഎ, സിഫ്നെറ്റ്, നിഫാറ്റ്, എഫ്എസ്ഐ, എൻബിഎഫ്ജിആർ, സിഫ്റി, സിഎംഎൽആർഇ, ഇഐഎ എന്നീ സ്ഥാപനങ്ങളിലെ പ്രതിനിധികളും യോഗത്തിൽ പങ്കെടുത്തു. മൂന്നാഴ്ചമുമ്പ് ഗവേഷണസ്ഥാപന മേധാവികളുമായി ഫിഷറീസ്മന്ത്രി കൂടിയാലോചന നടത്തിയിരുന്നു. അതിന്റെ തുടർച്ചയായാണ് യോഗം ചേർന്നത്.